(ബി) എന്നായിരുന്നു സംഭവം എന്നറിയിക്കാമോ ;

(സി) ഏതൊക്കെ വകുപ്പുകളിലാണ് പ്രതികൾക്കെതിരെ കേസ്സെടുത്തിട്ടുള്ളത് ;

(ഡി) എത്ര പേരെ അറസ്റ്റ് ചെയ്തു ;

(ഇ) എന്തുകൊണ്ടാണ് മുഴുവൻ പ്രതികളേയും അറസ്റ്റ് ചെയ്യാതിരുന്നത് ;

(എഫ്) മണൽ മാഫിയക്കാരായ പ്രതികളെ സഹായിച്ചു എന്ന ആക്ഷേപം ഏതെങ്കിലും പോലീസ് ഓഫീസർക്കെതിരെ നിലവിലുണ്ടോ ;

(ജി) എങ്കിൽ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) മണൽ മാഫിയയുടെ ആക്രമണത്തിൽ ചിറ്റാർ പോലീസ് സ്റ്റേഷനിലെ പോലീസുകാർക്ക് ആർക്കും പരിക്കു പറ്റിയിട്ടില്ല.

(ബി), (സി), (ഡി) ആന്റ് (ഇ) ബാധകമല്ല.

(എഫ്) പത്തനംതിട്ട ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ജി) ബാധകമല്ല.

സുനാമിയിൽപ്പെട്ടവരെ രക്ഷിച്ച പോലീസുകാർക്ക് പ്രൊമോഷൻ

68 [1583] ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിന് ശ്രമിക്കുന്നതിനിടയിൽ ഏതൊക്കെ പോലീസ് ഉദ്യോഗസ്ഥർ അപകടത്തിൽപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

(ബി) ജീവൻ തൃണവൽഗണിച്ചും അപകട രംഗത്ത് പ്രവർത്തിച്ച ഇവർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിയത് ;

(സി) അപകടത്തിൽപ്പെട്ടവരുടെ സേവനം മാനിച്ച് ഇവർക്ക് സീനിയോറിറ്റി പരിഗണിക്കാതെ പ്രൊമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പരിക്കു പറ്റിയിട്ടുണ്ട് :

1. കരുനാഗപ്പള്ളി സി. ഐ., ഇ. കെ. സാബു
2. കരുനാഗപ്പള്ളി എസ്. ഐ. (പ്രൊബേഷൻ) ശ്രീ. എം. കൃഷ്ണൻ.

LIBRARY ARCHIVES Kerala Legislative Assembly

3. കരുനാഗപ്പള്ളി പി. എസ്. എച്ച്. സി. ക്യു. 3821 കമറുദ്ദീൻ
4. കരുനാഗപ്പള്ളി പി. എസ്. പി. സി 4320 രാജുമോൻ
5. തെക്കുഭാഗം പി. എസ്. പി. സി. 3686 ശശിധരക്കുറുപ്പ്
6. തൃക്കുന്നപ്പുഴ എസ്. ഐ., എൽ. സുബ്രഹ്മണ്യൻ
7. തൃക്കുന്നപ്പുഴ പി. എസ്. എച്ച്. സി. 3084 ശങ്കരൻകുട്ടി
8. തൃക്കുന്നപ്പുഴ പി. എസ്. എച്ച്. സി. 3043 മോഹൻദാസ്
9. തൃക്കുന്നപ്പുഴ പി. എസ്.പി. സി. 3546 ഗോപാലകൃഷ്ണൻ.
10. തൃക്കുന്നപ്പുഴ പി. എസ്. പി. സി. 3714 സത്യശീലൻ പിള്ള
11. തൃക്കുന്നപ്പുഴ പി. എസ്. പി. സി. 4217 പ്രകാശ്
12. തൃക്കുന്നപ്പുഴ പി.എസ്. പി. സി. 4064 സദാനന്ദൻ
13. തൃക്കുന്നപ്പുഴ പി. എസ്. പി. സി. 4267 തങ്കരാജ്
14. സ്പെഷ്യൽ ബ്രാഞ്ച് എച്ച്. സി. 3489 പുക്കുഞ്ഞ്.

(ബി) സുനാമി ദുരന്തത്തിലെ രക്ഷാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ 10 പോലീസ് ഉദ്യോഗസ്ഥർക്ക് (ഡിവൈ.എസ്.പി.-6 സർക്കിൾ ഇൻസ്പെക്ടർ-1, സബ്ഇൻസ്പെക്ടർ-3) ഡി.ജി.പി. പ്രശംസാപത്രം നൽകിയിട്ടുണ്ട്. ഇതിനു പുറമേ മേൽ പറഞ്ഞ ജില്ലകളിലെ 19 പോലീസ് ഉദ്യോഗസ്ഥർക്ക് സത്സേവനരേഖയും (ജി. എസ്. ഇ.), 8 പോലീസ് ഉദ്യോഗസ്ഥർക്ക് ക്യാഷ് റിവാർഡും ഡി.ജി.പി. നൽകിയിട്ടുണ്ട്.

17-1-2005-ലെ ജി. ഒ. (ആർ‌ടി.) 152/05/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർക്കും, സബ് ഇൻസ്പെക്ടർക്കും, ഒരു ഹെഡ്കോൺസ്റ്റബിളിനും, ഒരു പോലീസ് കോൺസ്റ്റബിളിനും, സർക്കാർ സത്സേവന രേഖ (ജി. എസ്. ഇ.) നൽകിട്ടുണ്ട്.

കൂടാതെ ഉത്തരവ് 'എ' യിൽ പറയുന്ന ഒന്നു മുതൽ അഞ്ചു വരെയുള്ളവർക്ക് സർക്കാർ 5000 രൂപ വീതം അനുവദിക്കുകയും, കെ.പി.ഡബ്ല്യു.എ. ഫണ്ടിൽ നിന്ന് 2000 രൂപ വീതം ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

(സി) അപകടത്തിൽപ്പെട്ടവർക്ക് സഹായം നൽകിയ പോലീസുദ്യോഗസ്ഥർക്ക് അവരുടെ സേവനത്തിന്റെ അംഗീകാരമായി അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കിയ സാഹചര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly